**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** **19-01-2021 - ൽ മറുപടിയ്ക്ക്**

**റബ്ബറിന്റെ താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | വിലത്തകർച്ച മൂലം വലിയ പ്രതിസന്ധി നേരിടുന്ന റബ്ബർ കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നൽകി വരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം ഇപ്പോഴും സംസ്ഥാന സർക്കാർ നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിയുടെ 6-ാം ഘട്ടമാണ് ഇപ്പോൾ നിലവിലുള്ളത്. 6-ാം ഘട്ടത്തിൽ പുതിയ കർഷകർക്ക് രജിസ്റ്റർ ചെയ്യുവാൻ 2020 നവംബർ 30 വരെ അവസരം നൽകിയിരുന്നു. നിലവിൽ 5 ലക്ഷത്തോളം കർഷകർ ഈ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.പുതിയ ബഡ്ജറ്റിൽ റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 170 രൂപ ആയി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 2020-21-ലെ ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 180 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതു കൂടാതെ , 2020 ജൂൺ വരെയുള്ള കർഷകരുടെ ബില്ലുകളിന്മേലുള്ള സബ്സിഡി തുകയായ 48.20 കോടി രൂപ കൂടി വിതരണം ചെയ്യുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. റബ്ബറിന്റെ വില തകർച്ച മൂലം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകർക്ക് ഈ പദ്ധതി വലിയൊരു തോതിൽ ആശ്വാസമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം ഇനത്തിൽ കർഷകർക്ക് 1331.4 കോടി രൂപ നൽകിയിട്ടുണ്ട്. നാളിതുവരെ കർഷകർക്ക് നൽകിയതുക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | 2021-2022 വർഷത്തെ ബജറ്റ് പ്രഖ്യാപത്തിൽ റബ്ബറിന്റെ തറവില 170 രൂപയായി ഉയർത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Government | Financial Year | Subsidy Amount Disbursed (in Crores) |
|---|---|---|
| Previous Govt. (from 01/07/2015 to 24/05/2016) | 2015-16 | 270.21 |
| | 2016-17 | 109.49 |
| | Total | **379.70** |
| Current Govt. (from 25/05/2016 to 27/11/2020) | 2016-17 | 300.64 |
| | 2017-18 | 225.06 |
| | 2018-19 | 358.93 |
| | 2019-20 | 218.51 |
| | 2020-21 | 228.26 |
| | **Total** | **1331.40** |

Scanned with CamScanner